പശുക്കുട്ടികളെയും കാളക്കുട്ടികളെയും ഉൽപ്പാദിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. പ്രതിദിനം 40 ലിറ്ററിലധികം ഉൽപ്പാദനശേഷിയുള്ള വിത്തുകാളകളുടെ ബീജമായിരിക്കും ഈ ഫാമിൽ ഉപയോഗിക്കുക. തൽഫലമായി ലഭ്യമാകുന്ന മേൽത്തരം വിത്തുകാളകളുടെ ബീജം സംസ്ഥാനത്ത് കർഷകർക്ക് സൗജന്യമായി നൽകാനും സംസ്ഥാനത്തിന് പുറത്തുള്ള കർഷകർക്ക് മിതമായ വിലയ്ക്ക് നൽകാനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇവിടെ സ്ഥാപിക്കുന്ന ഹൈടെക് ഡയറി ഫാമിന്റെ പ്രവർത്തനങ്ങൾക്ക് വിദേശരാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധരുടെയും ഏജൻസികളുടെയും സാങ്കേതികസഹായം (കൺസൽട്ടൻസി സർവ്വീസ്)ലഭ്യമാക്കിയിട്ടില്ല?

മൃഗസംരക്ഷണവകുപ്പിൽ പാർട്ട്ടൈം തസ്തികയിലേയ്ക്കുള്ള നിയമനങ്ങളിലെ ക്രമക്കേട്

153(1410) ശ്രീ. യു സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണവകുപ്പിൽ പാർട്ട്ടൈം തസ്തികയിലേക്കുള്ള നിയമനങ്ങളിൽ ക്രമക്കേട് നടന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുതപരാതിയിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മൃഗസംരക്ഷണവകുപ്പിൽ നിന്നും പിരിച്ചുവിട്ടവർക്ക് കോടതി ഉത്തരവു പ്രകാരം പുനർനിയമനം നൽകുന്നതിന്റെ മറവിൽ നടന്ന ക്രമക്കേടിനെക്കുറിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുതനിയമനത്തിന് വ്യാജ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ചിട്ടുള്ളതായി ആരോപണമുയർന്ന സാഹചര്യത്തിൽ വ്യാജസർട്ടിഫിക്കറ്റ് നൽകിയവരെക്കുറിച്ചും, യഥാർത്ഥത്തിൽ പിരിച്ചുവിടപ്പെട്ടവരെ സംബന്ധിച്ചും അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മൃഗസംരക്ഷണ വകുപ്പിൽ കന്നുകാലികളിൽ സ്വകാര്യ തലത്തിൽ കൃത്രിമ ബീജസങ്കലനം നടത്തുന്നത് നിരോധിക്കപ്പെട്ടതിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ഏതാനും പേർക്ക് പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി (ഹൈക്കോടതി നിർദ്ദേശപ്രകാരം 4 പേർക്കും മാനുഷിക പരിഗണന കണക്കിലെടുത്ത് 25 പേർക്കും) 2010-ൽ നിയമനാനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരമുള്ള നിയമനത്തിന് ഹാജരാക്കിയ സർട്ടിഫിക്കറ്റുകളുടെ സത്യസന്ധതയും ആധികാരികതയും സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആർക്കും നിയമനം നൽകിയിട്ടില്ല. പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി നിയമനാനുമതി നൽകിക്കൊണ്ടുള്ള പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത് മാറ്റിവച്ചുകൊണ്ട് ഈക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly